**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3286** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ചികിത്സയിൽ ആയുഷ് വിഭാഗങ്ങളുടെ പങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് ചികിത്സയിൽ ആയുഷ് ചികിത്സാരീതികളുടെ ഫലപ്രാപ്തി സംബന്ധിച്ച് എന്തൊക്കെ പഠനങ്ങളാണ് നടത്തിയിട്ടുള്ളത്; ഇതിനായി എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കോവിഡ് ചികിൽസയിൽ ഹോമിയോപ്പതി വകുപ്പിന്റെ ഫലപ്രാപ്തി വ്യക്തമാക്കുന്ന "Efficacy of Homoeopathic prophylactic intervention on Covid-19 pandemic – A double blind Randomized controlled Trial"എന്ന പഠനം നടത്തിയിട്ടുണ്ട്. ടി പഠന റിപ്പോർട്ടിന്മേൽ ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിന്റെ അഭിപ്രായം ലഭ്യമാക്കുകയും സർക്കാർ ഇപ്പോൾ പരിശോധിച്ചുവരികയുമാണ്. ടി പഠനങ്ങൾ നടത്തുന്നതിലേക്കായി ഹോമിയോപ്പതി വകുപ്പ് എല്ലാ വിഭാഗം ജീവനക്കാർക്കും ഇത് സംബന്ധിച്ച മാർഗ്ഗരേഖ നൽകുകയും അതനുസരിച്ചുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. കൂടുതൽ പഠനങ്ങൾ നടത്തുന്നതിനായി വിദഗ്ധരെ തെരഞ്ഞെടുത്തുകൊണ്ട് സ്പെഷ്യൽ കമ്മിറ്റികൾ രൂപീകരിച്ച് കേസ് ഫോർമാറ്റുകൾ തയ്യാറാക്കി ഡാറ്റാ കളക്ഷൻ നടത്തി വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കി പഠനങ്ങൾ നടത്തി വരുന്നു. ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്ററിന്റെ ഫലപ്രാപ്തിയെ സംബന്ധിച്ച് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗങ്ങളുടെയും ഹോസ്പിറ്റൽ സൂപ്രണ്ടുമാരുടെയും നേതൃത്വത്തിൽ തിരുവനന്തപുരം, കോഴിക്കോട് ഗവണ്മെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ് നിരീക്ഷണത്തിലിരിക്കുന്നവർക്കുള്ള ആയുർവേദ പ്രതിരോധ പദ്ധതിയായ അമൃതം ഗുരുതരാവസ്ഥയിലല്ലാത്ത കോവിഡ് രോഗികൾക്കുള്ള ആയുർവേദ ചികിൽസാ പദ്ധതിയായ ഭേഷജം, കോവിഡാനന്തര രോഗങ്ങൾക്കുള്ള ആയുർവേദ ചികിൽസാ പദ്ധതിയായ പുനർജനി എന്നിങ്ങനെയുള്ള പ്രമുഖ |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെ ശാസ്ത്രീയ നിരീക്ഷണങ്ങളും അത് സംബന്ധിയായ പഠനങ്ങളും സംസ്ഥാന ആയുഷ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ആയുർവേദ കോവിഡ്-19 റെസ്പോൺസ് സെല്ലിന്റെ മേൽനോട്ടത്തിൽ നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തിന് പുറത്ത് കോവിഡ് ചികിത്സയിൽ ആയുർവേദം, യുനാനി, സിദ്ധ, ഹോമിയോ, നാച്ചുറോപ്പതി തുടങ്ങിയ ചികിത്സാരീതികളുടെ ഫലപ്രാപ്തി സംബന്ധിച്ചു നടത്തിയ പഠന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (ബി) | ഇത്തരത്തിലുള്ള പഠന റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ ആയുഷ് വിഭാഗങ്ങളുടെ ഫലപ്രാപ്തി സംബന്ധിച്ച് ആധികാരിക പഠനം നടത്തുന്നതിനും നിലവിലുള്ള പഠനങ്ങളുടെ ആധികാരികത ഉറപ്പു വരുത്തുന്നതിനും, പഠനങ്ങളുടെ അടിസ്ഥാനത്തിൽ കോവിഡ് ചികിത്സയിൽ ആയുഷ് വിഭാഗങ്ങളുടെ ഫലപ്രാപ്തി സംബന്ധിച്ച് ജനങ്ങളുടെ ആശയകുഴപ്പം നീക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | ഇത്തരത്തിലുള്ള പഠന റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ